സുന്ദരം ഇൻഡ്യൻ ഗവണ്മെൻറിനേയും ബ്രിട്ടീഷ് ഇൻഡ്യൻ ജനപ്രതിനിധികളേയും കണ്ട് സിലോണിൽനിന്നും അയയ്ക്കുന്ന വെളിച്ചെണ്ണ മുതലായവയ്ക്ക് മുൻഗണന (Preference) കൊടുക്കണമെന്നും അങ്ങിനെ ചെയ്താൽ ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നുമുള്ള തുണിത്തരങ്ങൾക്ക് സിലോണിൽമുൻഗണന കൊടുക്കാമെന്നും മറ്റും പ്രസ്താവിച്ച ബ്രിട്ടീഷ് ഇൻഡ്യൻകമ്പോളം കരസ്ഥമാക്കാൻ ശ്രമിക്കുന്ന ഈ സന്ദർഭത്തിൽ നാം കണ്ണുമടച്ചിവിടെ മിണ്ടാതിരിക്കുകയല്ലുവേണ്ടതു്. നമ്മുടെ ഗവണ്മെൻറുദ്യോഗസ്ഥനോ അനുദ്യോഗസ്ഥനോ ആയ അതിസമർത്ഥനായ ഒരാളെ അതിനായി ഉടനെ നിയമിക്കേണ്ടതേറ്റവും അത്യാവശ്യമാണു്. ഇൻഡ്യൻകമ്പോളം നമുക്ക് ഉപേക്ഷിക്കപ്പെടാൻ പാടില്ലാത്ത ഒന്നാണെന്നു ഞാൻ വീണ്ടും ഉറപ്പിച്ചു പറഞ്ഞുകൊള്ളുന്നു. ഇവിടത്തെ ഇറക്കുമതിയിൽ ൻെറ അര ശതമാനവും നാം അവിടെ നിന്നാണെടുക്കുന്നതു്. നമുക്കാവശ്യമുള്ള തുണിത്തരങ്ങളും നാം ഇപ്പോൾ ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നാണു് എടുക്കുന്നതെന്നും നമ്മുടെ ജനസംഖ്യയും ഏകദേശം സിലോണിലെ ജനസംഖ്യയോടടുത്തുവരുമെന്നും മറ്റുമുള്ള വസ്തുതകളും നാം ബ്രിട്ടീഷ് ഇൻഡ്യാക്കാരെ ധരിപ്പിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണു്.

അബ്കാരിയെപ്പറ്റി പലരും ഇവിടെ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു് അതിനെപ്പറ്റി കൂടുതലായി ഒന്നും ഞാൻ പ്രസ്താവിക്കുന്നില്ല. കള്ളിൽനിന്നും ഒന്നാംതരം കരുപ്പട്ടിയുണ്ടാക്കാം. ആ കരുപ്പട്ടിയിൽനിന്നും കൂടുതൽ പഞ്ചസാര കിട്ടുമെന്നും കൂടുതൽ പഞ്ചസാര ലഭിക്കുന്നുണ്ടെന്നും തക്കല പഞ്ചസാരവ്യവസായശാലക്കാർ പരീക്ഷിച്ചുനോക്കി അഭിപ്രായപ്പെടുന്നു. ഇങ്ങിനെ നല്ലവിധത്തിൽ നടത്താവുന്ന ഒരു വ്യവസായത്തെ നശിപ്പിച്ച ജനങ്ങളെ കള്ളുകുടിപ്പിക്കുന്നതിനു മാത്രമായി ഈ അബ്കാരി ഡിപ്പാർട്ടുമെൻറിനെ വച്ചുകൊണ്ടിരിക്കാതെ കരുപ്പട്ടി വ്യവസായത്തെ ഈ നാട്ടിൽ വളർത്തുന്നതിനു ശ്രമിക്കേണ്ടതാണെന്നു ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

MR. KALLUR NARAYANA PILLAI : എക്സൈസ് ഡിപ്പാർട്ടുമെൻറിനെപ്പറ്റി മറ്റു മെമ്പറന്മാർ പറഞ്ഞിട്ടുള്ള അഭിപ്രായത്തോടുകൂടി ഞാൻ യോജിച്ചുകൊള്ളുന്നു. ഈ ഡിപ്പാർട്ടുമെൻറിൽ നടത്തിവരുന്ന ഉദ്യോഗനിയമനത്തേയും പ്രമോഷനേയും സംബന്ധിച്ചാണു് എനിക്കു ചില സംഗതികൾ പ്രസ്താവിക്കുവാനുള്ളതു്. എക്സൈസ്കമ്മീ

LIBRARY ARCHIVES Kerala Legislative Assembly

ഷണർ ആഫീസിലെ ഹെഡ് ക്ലാക്കിനു ൨൫ രൂപാമുതൽ ൫൦൦ രൂപാവരെ സ്കെയിലുള്ള ശമ്പളമാണ് ഉള്ളതു്. ഈ ഹെഡ ക്ലാക്കിനെ മാനേജരായി നിയമിക്കുന്ന അവസരത്തിൽ ൫൫൫ മുതൽ ൬൫൦ വരെ രൂപാ സ്കെയിൽകിട്ടുന്നു. എന്നാൽ ഒരു First Grade റെയിഞ്ചു ഇൻസ്പെക്ടരുടെ ശമ്പളം ൫൦൦ മുതൽ ൫൫൫ വരെ സ്കെയിലാണ്. ഹെഡ് ക്ലക്കന്മാരെ മാനേജരായി ൬൫൦ രൂപാ സ്കെയിലിൽ നിയമിക്കുന്നതുനിമിത്തം First grade ഇൻസ്പെക്ടരേക്കാൾ അസിസ്റ്റൻറ് കമ്മീഷണർ സ്ഥാനത്തിനു പലപ്പോഴും അവർ ക്ലൃതൽ അവകാശികളായി തീരുന്നു. ഇതു് ആശാസ്യമായ ഒരു നയമല്ല.

ഡിപ്പാർട്ടുമെൻറ് Test പാസ്സാകാതെ പ്രമോഷൻ കൊടുക്കാൻ പാടില്ലെന്നു ൧൯൫൦-ൽ ഒരു സക്കുലർ ഉണ്ടായിട്ടുണ്ടു്. അതിനുശേഷം അതു് പാസ്സാകാത്ത ആളുകൾക്കും പ്രമോഷൻ കൊടുത്തിട്ടുണ്ടു്. സർവ്വീസിനെ അടിസ്ഥാനപ്പെടുത്തിയാണു് ഇങ്ങിനെ പ്രമോഷൻ കൊടുക്കുന്നതു്. ഈ നയവും വച്ചുകൊണ്ടിരിക്കുന്നതു് ശരിയായിട്ടുള്ളതല്ല.

Mr. J. JOHN KATTAKAYAM : സർ, എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഭരണവൈകല്യങ്ങളെ കമ്മീഷണരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതാണു് എൻറെ ഉദ്ദേശം. പുകയില, കഞ്ചാവു മുതലായ സാധനങ്ങൾ തിരുവിതാംകൂറിലെ വനങ്ങളിൽ സമൃദ്ധിയായി ഉണ്ടാകുന്നു എന്നുള്ളതിനു് ഞാൻ ദൃക്സാക്ഷിയാണു്. റിസർവ് വനങ്ങളിൽ ഉണ്ടാകുന്ന ഈ വമ്പിച്ച പുകയിലയും കഞ്ചാവും എടുത്തു് ക്രയവിക്രയം ചെയ്തു് ആ ആദായംകൊണ്ടു് കാലക്ഷേപംചെയ്യുന്നവരായി പല ആളുകളും ഉണ്ടു്.

Mr. M. N. PARAMESVARAN PILLAI : ഈ സംഗതിയെപ്പറ്റി മെമ്പർ ഡിപ്പാർട്ടുമെൻറധികാരികളെ അറിയിച്ചിട്ടുണ്ടോ?

Mr. J. JOHN KATTAKAYAM : അറിവുകൊടുക്കുന്നതിനു ഇതുവരെ എനിക്കു് ആവശ്യം നേരിട്ടിട്ടില്ല. ഡിപ്പാർട്ടുമെൻറിൽനിന്നും അതിലേക്കു് ആളുകളെ നിയമിച്ചിട്ടുണ്ടു്. ഈ സംഗതികൾ കണ്ടുപിടിക്കേണ്ടതു് അവരുടെ ധർമ്മമാണു്.

Mr. KOCHIKAL P. BALAKRISHNAN TAMPI : സ്യൂഗ്ളേർസിൻറെ ഒരു ലിസ്റ്റ് ഗവണ്മെൻറിനെ ഏല്പിക്കാമോ?

Mr. J. JOHN KATTAKAYAM ; ആവശ്യമെന്നു കണ്ടാൽ അതിൻറെ ഒരു ലിസ്റ്റ് കൊടുക്കാൻ ശ്രമിക്കാം. ഇങ്ങിനെ നമ്മുടെ നാട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

സമൃദ്ധിയായി ഉണ്ടാകുന്ന സാധനങ്ങളെ വിദേശങ്ങളിൽനിന്നും വരുത്തി അതിലേക്കു മതി മീമായ സംഖ്യ ജനങ്ങളുടെകയ്യിൽനിന്നും പോകുന്നതിനു് ഗവണ്മെൻറു സമ്മതിക്കുന്നതു് ഒരിക്കലും ശരിയല്ല. പുകയില, കഞ്ചാവ്, ഈ സാധനങ്ങളും ഇവിടെ കൃഷിചെയ്യാമെന്നുള്ള സംഗതിയിൽ കമ്മീഷണരുടെ ശ്രദ്ധ പതിയുമെന്നു് വിശ്വസിക്കുന്നു. എക്സൈസു കമ്മീഷണർ ആയിരുന്ന ഉദ്യോഗസ്ഥനായ മി. രാമൻപിള്ളയുടെ ഭരണകാലത്തു് ഇതുമാത്രം വ്യാജം ഇല്ലാതിരുന്നു. അതിനുശേഷം മി. വാൻറാസിന്റെ ഭരണകാലത്തു് അഴിമതി വർദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭരണം വളരെ മോശമായിരുന്നു എന്നു ഡിപ്പാർട്ടുമെൻറിൽ സുപരിചിതനായിരുന്ന മി. ഹഗ്സർഫിന്റെ പ്രസംഗപരമ്പരകളിൽനിന്നും നമുക്കു് മനസ്സിലാക്കാവുന്നതാണു്. എന്നാൽ ഇപ്പോഴത്തെ കമ്മീഷണരുടെ ആഗമനത്തിനുശേഷം അഴിമതികാര്യങ്ങൾ ഗണനീയമായ ശമനം വന്നിട്ടുണ്ടു്. ഇപ്പോഴത്തെ സാമ്പത്തികാധഃപതനംനിമിത്തം ഡിപ്പാർട്ടുമെൻറിലെ ആദായത്തിനു സാരമായ കുറവുണ്ടായിട്ടുണ്ടു്. എന്നു കമ്മീഷണരുടെ റിപ്പോർട്ടിൽ പറയുന്നുണ്ടു്. മുമ്പിലത്തേതിനെക്കാൾ തുലോം കുറഞ്ഞവിലക്കു കള്ളും ചാരായവും ഇപ്പോൾ ഉത്തരതിരുവിതാംകൂറിൽ എവിടെയും കിട്ടും. അവിടെയുള്ള മലംപ്രദേശങ്ങളിലും തെരുണിലും കടികളിലും നാടൻചാരായം ധാരാളമായി കിട്ടുന്നുണ്ടു്. ഒരു കുപ്പിക്കു് ഒരു രൂപായിലധികം തെരുണിൽവിലയുള്ള ചാരായം മലംപ്രദേശങ്ങളിൽ നാലണകൊടുത്താൽ സുലഭമായി കിട്ടുന്നതാണു്. അതിന്റെ രുചി ഏതുവിധത്തിലിരിക്കുമെന്നു എനിക്കു അറിയുന്നതിനു ഇതുവരെസാധിച്ചിട്ടില്ല എന്നു പറയുന്നതു് പരമാർത്ഥമാണു്. ഈ സംഗതി എനിക്കു അടുത്തുപരിചയമുള്ള എന്റെ വിരോധികൾപോലും തലകുലുക്കി സമ്മതിക്കുന്നതാണു്. ഇങ്ങിനെയുള്ള വ്യാജങ്ങളെ കണ്ടുപിടിക്കുന്നതിനായി സ്പെഷ്യൽ പാർട്ടിയെ നിയമിച്ചിട്ടുണ്ടു്. അവർ അങ്ങും ഇങ്ങുമായി ചുറ്റിസഞ്ചരിക്കുന്നു. എന്നാൽ വ്യാജം നടത്തുന്ന ആളുകളിൽനിന്നും ഈ പാർട്ടിക്കാർ സംഭാവനയും വാങ്ങിച്ചുകൊണ്ടു് ആ സ്ഥലങ്ങളിൽ വ്യാജമില്ലെന്നു റിപ്പോർട്ടുചെയ്യുകയാണു പതിവു്. ഇതാണു് സ്പെഷ്യൽപാർട്ടികൊണ്ടു് ഡിപ്പാർട്ടുമെൻറിനു കിട്ടുന്ന ഗുണം.

വിദ്യാലയങ്ങളുടേയും ദേവാലയങ്ങളുടേയും സമീപത്തിൽ മദ്യഷാപ്പുകൾ സ്ഥാപിക്കരുതെന്നു മുമ്പിലത്തെ കൌൺസിലിലും ശ്രീമൂലം പോപ്പുലർ അസംബ്ലിയിലും പലവിധത്തിലുള്ള നിവേദനങ്ങൾ സമർ

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ചിട്ടുണ്ട്. എന്നിട്ടും കമ്മീഷണർ ആ വിഷയത്തിൽ ബദ്ധശ്രദ്ധനായി കാണപ്പെടുന്നില്ല.

ചായക്കടകളിൽ സോഡായോടൊ ചായം കലത്തി വില്പനനടത്തിവരുന്നുണ്ട്. ഇതിനെ ബ്രാഹ്മണസോഡാ എന്ന നാമത്താൽ അറിയപ്പെടുന്നു. വിദ്യാർത്ഥികളിൽ ചിലർ ഈ ചായക്കടയിൽ പോകുമ്പോൾ സോഡാഎന്നഭാവേന ഇതിനെകൊടുത്തു അവരെ ക്രമേണ കുടിപഠിപ്പിച്ചുതുടങ്ങിയിരിക്കുന്നു. വിദ്യാലയങ്ങളുടെ സമീപപ്രദേശങ്ങളിൽ ധാരാളമായി ചായകടകൾ ഉണ്ട്. മാതാപിതാക്കന്മാരിൽനിന്ന് മോഷ്ടിച്ചൊ മറുപ്രകാരത്തിലൊ കൊണ്ടുവരുന്നപണം വിദ്യാർത്ഥികളിൽനിന്ന് ഈ ചായക്കടക്കാർ കരസ്ഥമാക്കുകയും തന്നിമിത്തം വിദ്യാർത്ഥികൾ ചീത്തയായിവരികയും ചെയ്യുന്നുണ്ട്. ഈവക സംഗതികൾ എക്സൈസ് കമ്മീഷണരുടെ ശ്രദ്ധയിൽപെട്ടിട്ടില്ല എന്നാണുതോന്നുന്നത്.

സിലോൺ കൊപ്രായുടെ ഇറക്കുമതിയെസംബന്ധിച്ച് അസംബ്ലിയിൽ വാദപ്രതിവാദം ഉണ്ടായിട്ടുണ്ട്. ഈ നാട്ടിലെ ഉല്പന്നങ്ങളുടെ വിലക്കുറവിനേയും സാമ്പത്തികനിലയേയുംപറ്റി പലരും ഇവിടെ പ്രസ്താപിച്ചിട്ടുള്ളതിനാൽ ആ സംഗതിയെപ്പറ്റി കൂടുതലായി ഞാൻ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. സിലോൺ കൊപ്രായുടെ ഇറക്കുമതിതീരുവ വർദ്ധിപ്പിച്ച് അതിന്റെ ഇങ്ങോട്ടുള്ള വരവിനെ തടയുന്നതിനു കമ്മീഷണർ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

സാമുദായികപ്രാതിനിധ്യം എന്നവിഷയത്തെപ്പറ്റിയുള്ള പ്രസംഗങ്ങൾ ധാരാളമായി കേൾക്കുന്നുണ്ട്. ആ വിഷയത്തെ അടിസ്ഥാനമാക്കി പത്രപംക്തികൾ നിറച്ചിരിക്കുന്നു. ഓരോ സമുദായത്തിനും അവരവർ അർഹിക്കുന്ന സ്ഥാനം ഗവണ്മെൻറിൽനിന്നും കൊടുക്കുന്നില്ല എന്നുള്ള ആക്ഷേപത്തെ പരിഹരിക്കുന്നതിനു ഓരോ ഡിപ്പാർട്ടുമെൻറ് മേധാവികളും പരിശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

Mr. N. K. PADMANABHA PILLAI : ജനങ്ങൾ തിങ്ങി കൂടിപാർക്കുന്ന പട്ടണങ്ങളിലും മുൻസിപ്പൽ പട്ടണങ്ങളിലുംനിന്ന് ദൂരെയായി ചാരായഷാപ്പുകൾ സ്ഥാപിക്കണമെന്നുള്ളതിനെപ്പറ്റിയാണ് എനിക്കു പ്രസ്താവിക്കാനുള്ളത്. എന്റെ സ്നേഹിതൻ മി. പിറവിപ്പെരുമ്പാംപിള്ള പറയുന്നത് ജനങ്ങൾ അധികം താമസിക്കുന്ന സ്ഥലങ്ങളിൽ വേണം ഈ ഷാപ്പുകൾ സ്ഥാപിക്കപ്പെടേണ്ടതു് എന്നാണ്. അതിനു വിപരീതമാണ് എന്റെ അഭിപ്രായം. ജനങ്ങൾ തിങ്ങി കൂടിപാർക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

ന്ന സ്ഥലങ്ങളിൽ ഷാപ്പുകൾ ഉണ്ടായിരുന്നാൽ മാന്യന്മാരായിട്ടുള്ള വരാ ത്തവരെല്ലാം അവിടെ പോയി കുടിക്കുകയില്ലെന്നും തന്നിമിത്തം കുടി കു റയുമെന്നുമാണ് അദ്ദേഹം പറയുന്നത്. കുടിക്കുന്ന ആളുകൾക്ക് അ ശേഷം അഭിമാനമില്ല. കുടിച്ചുതുടങ്ങിയാൽ അയാൾക്ക് എവിടെ വെച്ചുകുടിക്കാനും മടികാണുകയില്ല.

Mr. M. N. PARAMESVARAN PILLAI : മാന്യന്മാർക്കു കുടിക്കു ന്നതിന് ഷാപ്പിന്റെപുറകിൽ ഒരു വാതൽഉണ്ടെന്നുള്ള വിവരം അറി യാമോ?

Mr. N. K. PADMANABHA PILLAI : അറിയാം. കുടിക്കണ മെന്നു വിചാരിക്കുന്നവർ ഏതുപ്രകാരത്തിലെങ്കിലും കുടിക്കുകതന്നെചെ യ്യും. മാന്യന്മാരാണെങ്കിൽ ചക്രം അന്യന്റെകയ്യിൽ കൊടുത്തയച്ച് വാങ്ങിച്ചുകൊണ്ടുവന്നു കുടിക്കാനും സാധിക്കുന്നതാണ്. തന്നിമിത്തം കൂടുതൽ ചെലവാനും ഇടവരുന്നു. അതുകൊണ്ടു ജനബാഹുല്യം ഇല്ലാ ത്തസ്ഥലത്തു ഷാപ്പു സ്ഥാപിച്ചിരുന്നാൽ പബ്ലിക്കിനു അധികം ഉപ ദ്രവം ഉണ്ടാകുന്നതല്ല. അതിനാൽ മുൻസിപ്പൽടൌണുകളിലും ജന ങ്ങളധികം തിങ്ങി കുടിപാർക്കുന്നസ്ഥലങ്ങളിലുംനിന്നും ഷാപ്പുകൾ മാറ്റിസ്ഥാ പിക്കണം എന്നുള്ള അഭിപ്രായത്തോടെ ഞാൻ ഉപക്ഷേപത്തെ പിൻ താങ്ങുന്നു.

Mr. C. M. JOSEPH (*Changanachery* cum *Peermade*) : എന്റെ സ്നേഹിതന്മാർ ഇവിടെ പ്രസ്താപിച്ചിട്ടുള്ള അഭിപ്രായങ്ങളോടുകൂടി ഞാനും യോജിക്കുന്നു. ചങ്ങനാശേരി മുൻസിപ്പാലിറ്റി ഈ രാജ്യത്തി ലെ പ്രധാനപ്പെട്ട മുൻസിപ്പാലറ്റിയാണ്. ഗവണ്മെന്റിന്റെ പ്രാ ദേശികേശ്വ പരീക്ഷിച്ചുനോക്കുന്നതിന് ഈ സ്ഥലംതന്നെ തിരഞ്ഞെടു ത്തതിൽ എനിക്കു ഗവണ്മെൻറിനോടു് അന്നുതന്നെ തോന്നിയിരുന്ന ആ കൃതജ്ഞതയെ ഇന്നു് ഇവിടെ പ്രദർശിപ്പിച്ചുകൊള്ളുന്നു. ലോക്കൽ അപ്പ്ഷന്ന് ചങ്ങനാശേരിയെതന്നെ തിരഞ്ഞെടുത്തതിൽ എന്തോ ചി ല കാര്യങ്ങൾ അന്തർഭവിച്ചിട്ടുണ്ടെന്നു എനിക്കു് ഏതാണ്ടു ചില സംശ യങ്ങൾ അന്നു തോന്നാതിരുന്നിട്ടില്ല. പ്രാദേശികേശ്വ ചങ്ങനാശേരി പട്ടണത്തിൽ പരീക്ഷിച്ചുനോക്കിയതിൽ വിജയപ്രദമായിട്ടില്ലാ എന്നു് മി. പരമേശ്വരൻപിള്ള പ്രസ്താവിക്കുകയുണ്ടായി. എന്നാൽ അതു് വലിയ തോൽവിയിൽ അല്ല പരിണമിച്ചിട്ടുള്ളതു് എന്നു് എനിക്കു നി ശ്ചയമായി പറയാൻകഴിയും. അതുനിമിത്തം അനേകംപേർ മദ്യസേ വനത്തിൽനിന്നും പിന്മാറീട്ടുണ്ടു്. ക്രമേണ അബ്ക്കാരിയിൽനിന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം ഇല്ലാതാക്കി മദ്യപാനത്തെ നിർദ്ദോഷം നിറുത്തണം എന്നു ഗവണ്മെൻറുദ്ദേശിക്കുന്നെങ്കിൽ, ഈ വ്യവസായം ക്രമേണ നശിക്കണമെന്നു ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടെങ്കിൽ, പട്ടണങ്ങൾക്കുവെളിയിൽപോലും ഷാപ്പുകൾ അനുവദിച്ചുകൊടുത്തുകൂടാ. പട്ടണങ്ങളിൽനിന്നു മൂന്നു മയിലിനകത്തായി ഷാപ്പുകൾ ഉണ്ടായിരുന്നാൽപോലും നമ്മുടെ ആ ഉദ്ദേശം സാധ്യമാവുകയില്ല. പട്ടണങ്ങൾക്കടുത്തു ചാരായഷാപ്പുകൾ അനുകട്ടെ കള്ളുഷാപ്പുകളാകട്ടെ ഒരിക്കലും അനുവദിച്ചുകൊടുക്കാൻ പാടുള്ളതല്ല.

പുകയിലകൃഷിയെപറ്റി പല സ്നേഹിതന്മാരും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന സാധനങ്ങളെ ഇവിടെതന്നെ കഴിവുള്ളിടത്തോളം വിളയിച്ചു് ആദായകരമാക്കുതീർക്കേണ്ടതു് ഇന്നത്തെ കാലസ്ഥിതിക്കു് എന്തുകൊണ്ടും അത്യാവശ്യമായിട്ടുള്ളതാണു്. ഈ രാജ്യത്തെക്കാവശ്യമുള്ള പുകയില മുഴുവൻ ഇവിടെതന്നെ കൃഷിചെയ്തുണ്ടാക്കാമെങ്കിൽ അതിലേക്കുവേണ്ടി വെളിയിൽപോകുന്ന പണം മുഴുവനും ഇവിടത്തെ ജനങ്ങളിൽതന്നെ ഉണ്ടായിരിക്കുന്നതാണു്.

Mr. KALLUR NARAYANA PILLAI: വനങ്ങളിൽ തനിയെ കിളിർത്തുവരുന്ന പുകയിലച്ചെടിയെ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നു നശിപ്പിച്ചുവരുന്നതായി അറിയാമോ?

Mr. C. M. JOSEPH : അറിയാം.

Mr. KOMILEZHATHU SANKARAN പുകയില ഒരു ലഹരിയുള്ളസാധനമായതുകൊണ്ടു് ഇവിടെ കൃഷിചെയ്യാമെന്നുപറയുന്നതു് ശരിയാണോ?

Mr. C. M. JOSEPH : വെളിയിൽ പൊയ്ക്കൊണ്ടിരിക്കുന്ന പണത്തിൻെറ ഗതിയെ തടയുന്നതിനുവേണ്ടിയാണു് ഞാൻ അങ്ങനെ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

Mr. KOMILEZHATHU SANKARAN : ലഹരിയുള്ള മദ്യം ഇവിടെതന്നെ ഉണ്ടാക്കിയാൽ എന്താണു്?

Mr. C. M. JOSEPH : അതിനു ഒരു വിരോധവും ഇല്ല.

Mr. M. N. NARAYANA MENON : പുകയിലയും മദ്യവും ഒരുപോലെ ലഹരിയുള്ള സാധനങ്ങളാണോ?

Mr. C. M. JOSEPH : രണ്ടിനേയും ഒരുപോലെ വിചാരിച്ചിട്ടല്ല ഞാൻ പറയുന്നതു്.



LIBRARY ARCHIVES Kerala Legislative Assembly

MR. A. N. VISVANATHA PILLAI : രണ്ടിന്റെയും കാളിറി എങ്ങിനെയാണ്?

MR. C. M. JOSEPH : അതിനേപ്പറ്റി അറിഞ്ഞുകൂടാ.

പുകയിലയെ, പ്രത്യേകംകൂട്ടികളുടെ ഇടയിലുള്ള പുകയിലയെ, തടയണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇവിടത്തെ നിയമസഭയിൽ ഒരു റസലേഷൻ പാസായിട്ടുണ്ടായിരുന്നു. ആ അവസരങ്ങളിൽ അതിനെ പറ്റി ചില കേസുകളും എടുത്തിട്ടുണ്ടായിരുന്നു. ഇപ്പോഴും ആ റസലേഷൻ ഏതുനിലയിൽ ഇരിക്കുന്നു എന്ന് അറിയാൻ നിവൃത്തിയില്ല. ആ റസലേഷനെ വീണ്ടും ഉൗജ്ജിതത്തിൽ കൊണ്ടുവരണമെന്ന് ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു.

വിദ്യാർത്ഥികളുടെ ഇപ്പോഴത്തെ പഠിത്തത്തിന്റെഫലമായി ബീഡി, സിഗറാറ്റ്, പൊടി, എന്നീസാധനങ്ങൾക്കുള്ള എക്സൈസ് വരുമാനം വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാൻ മേൽ പ്രസ്താവിച്ച റസലേഷനെ ഉൗജ്ജിതത്തിൽ കൊണ്ടുവരേണ്ടതു് അത്യാവശ്യമായിരിക്കുന്നു.

ഉപ്പുനിർമ്മാണത്തെപ്പറ്റി ഇവിടെ പലരും പ്രസ്താവിച്ചുകഴിഞ്ഞു. വായു, വെള്ളം, എന്നിവ ഒരു മനുഷ്യനു അത്യാവശ്യമായിരിക്കുന്നതുപോലെതന്നെ ഉപ്പും വളരെ അത്യാവശ്യമായിട്ടുള്ളതാണ്. ഇവിടത്തേക്ക് വേണ്ട ഉപ്പ് ഇവിടത്തന്നെ വിളയിക്കാമെന്നുപറയുന്നു. അതുകൊണ്ട് വിദേശങ്ങളിൽനിന്നും ഉപ്പു വരുത്താതെ ഈ രാജ്യത്തുതന്നെ ഉപ്പുണ്ടാക്കുന്നതിന് എക്സൈസ് കമ്മീഷണർ വേണ്ടതു പ്രവൃത്തിക്കുമെന്ന് വിശ്വസിക്കുന്നു.

MR. C. O. MADHAVAN : Sir, several members have spoken on the motion and almost all the branches of my department have been commented upon. As the number of points dealt with is very many I shall briefly touch upon them one by one. Mr. Balakrishnan Tampi's motion is about the appointment of a separate officer of the status of Assistant Commissioner to be in charge of the customs branch of the department. When it is put like that, it may appear to be a simple matter having some advantages of its own. But I must submit that it has got certain difficulties in actual working. The customs branch as well as the other branches, for instance tobacco, salt, and abkari, depend for their existence upon an efficient preventive staff which we are maintaining for the whole department. If the customs branch is to be separated, and placed in charge of an Assistant Commissioner, preventive staff for that branch must also necessarily be separated from the other preventive staff and put under the sole control of that Assistant Commissioner. The customs houses are scattered throughout the State. There are over 70 customs houses in Travancore and if a separate

LIBRARY ARCHIVES Kerala Legislative Assembly

Assistant Commissioner is to be put in charge of these customs houses there must be officers under him for the supervision of these customs houses. That means duplication of institutions and officers.

MR. M. N. PARAMESVARAN PILLAI: Can we not have one preventive officer for both?

MR. C. O. MADHAVAN: That would necessitate joint supervision. The Assistant Commissioner in charge of customs and the officers in charge of the abkari, salt and tobacco branches will have to exercise joint supervision over the preventive staff.

MR. M. N. PARAMESVARAN PILLAI: Is not this customs revenue collected only through the various chowkeys?

MR. C. O. MADHAVAN: Yes. There is also the staff for the prevention of smuggling. If the customs branch is to be under a separate Assistant Excise Commissioner, he must have this preventive staff, or the present preventive staff will have to be under the dual control of the Assistant Commissioners of divisions and the customs Assistant Commissioner. That is the main difficulty. Then a separate customs branch of the department is not so important as one may apparently think. So far as import revenue is concerned according to the terms of the Interportal Convention our freedom of action is very much restricted. As regards export revenue the rate of duty that we can levy has been fixed by agreement with the Government of India. The House is from time to time passing resolutions that the export revenue is not a proper levy and that it ought to be abolished. When all these facts are taken into consideration the customs branch of the department may not justify the appoint ment of an Assistant Commissioner to be in sole charge of that department. The Economic Development Board has passed a resolution making such a recommendation which is now before the Government for their consideration. Government will consider it in all its aspects and pass orders.

Then Mr. Balakrishnan Tampi also referred to the Marine Department and said that it may be put under the Excise Commissioner. The Marine Department is now under a separate officer called the Principal Port Officer. As far as I can see that is a better arrangement.

Mr. Padmanabhan Tampi's speech dealt mainly with the salt branch of the department. I may assure Mr. Padmanabhan Tampi and the House that it is the intention of the Government and the department to make Travancore self supplying in the matter of salt supply.

MR. M. N. PARAMESVARAN PILLAI: Has the Excise Commissioner ever destroyed salt manufactured in the alloms?

MR. C. O MADHAVAN: I have not destroyed salt.

MR. M. N. PARAMESVARAN PILLAI: Or his predecessor?

MR. C. O. MADHAVAN: I am not in a position to say that.

MR. KATTIYATTU SIVARAMA PANICKAR: May I know whether all the alloms which were working three years ago are working now?

LIBRARY ARCHIVES Kerala Legislative Assembly

MR. C. O. MADHAVAN: Yes, all the alloms are working.

MR. P. PADMANABHAN TAMPI: Is the Colachal allom working?

MR. C. O. MADHAVAN: Yes.

MR. P. PADMANABHAN TAMPI: Does it work effectivcly?

MR. C. O. MADHAVAN: It is not working satisfactorily. There are some difficulties. In the first place there is the difficulty of getting sufficient quantity of brine. There is percolation of fresh water from a channel called the Pampuri Vaikkal.

MR. P. PADMANABHAN TAMPI: Cannot this percolation be avoided by putting up a bund at the Pampuri Vaikkal and diverting water to the sea?

MR. C. O. MADHAVAN: We are trying to find out a remedy.

MR. P. PADMANABHAN TAMPI: How long has it not been working satisfactorily?

MR. C. O. MADHAVAN: The produce has been dwindling from year to year for some years.

MR. P. PADMANABHAN TAMPI: Has the Commissioner consulted the Executive Engineer for remedying this defect?

MR. C. O. MADHAVAN: Not only have I consulted, but in company with the retired Executive Engineer Mr. Arunachalam Aiyar, I have inspected the allom.

MR. P. PADMANABHAN TAMPI: Has he got any estimate for the prevention of percolation?

MR. C. O. MADHAVAN: No estimate is pending with me. The idea at present is to have a ring channel round the pans for the fresh water to collect and then to pump out the water with the help of an engine.

MR. P. PADMANABHAN TAMPI: Is it not easy to bring brine from the sea if arrangement is made for that?

MR. C. O. MADHAVAN: So far as the supply of brine from the sea is concerned, there was once a channel commencing from a rock in the sea to bring sea water. But that was given up after some time. The present arrangement is to take brine from the sea along the A. V. Canal and then take it across the Pampuri Vaikkal through an aqueduct combined with a foot bridge. Some brine was taken in that way this year. But I am not quite sure of its success always.

MR P. PADMANABHAN TAMPI: Is the Rajakkamangalam allom working satisfactorily?

MR. C. O. MADHAVAN: There also there is percolation from another channel bringing the Pechippara water called the Panni Vaikkal.

MR. P. PADMANABHAN TAMPI: May I know whether the Excise Commissioner has taken any opinion from the P. W. D. officers?

LIBRARY ARCHIVES Kerala Legislative Assembly

MR. C. O. MADHAVAN: The Public Works Department are even now working at it.

MR. P. PADMANABHAN TAMPI: How long have they been working ?

MR. C. O. MADHAVAN: Last year they did some work. There was some delay in the acquisition of land. I hope the work may be completed this year.

MR. P. PADMANABHAN TAMPI: May I know whether the Rajakamangalam Allom is working properly?

PRESIDENT: There would not be time for the Excise Commissioner to deal with the other subjects.

MR. C. O. MADHAVAN: What I would say on that point is that the Government are doing everything possible in that direction. They are giving facilities for the licensees to get brine. The Government are also taking steps for the prevention of fresh water percolation.

MR. M N. PARAMESVARAN PILLAI: Does the Excise Commissioner propose to abolish the super-tax ? Government are realising at present four annas per maund.

MR. C. O. MADHAVAN: There is no such thing as super-tax. Government never made any demand on that account.

MR. M. N. PARAMESVARAN PILLAI: From the Administration Report it is found that at the beginning of 1108 there was a balance and the year closed with a balance of 54,100 maunds and still foreign salt was imported. May I know why foreign salt was imported while there is a balance of Travancore salt ?

MR. C. O. MADHAVAN: The consumption of salt in Travancore for one year goes above 12 lakhs of maunds. Last year, I mean in the year 1107, we were able to manufacture over 11 lakhs of maunds of salt. Even that was not sufficient. Probably this year on account of heavy rains we may not be able to manufacture as much salt as in the year 1107 and so we may be obliged to bring in a higher quantity of foreign salt in the year 1109. The output here, to a great extent, depends upon weather conditions.

Then Mr. Padmanabhan Tampi referred to certain areas available for salt manufacture and he suggested that they might be converted into fresh salt pans. He referred to the plot of land to the east of the Avathaniel's factory. That is the land known as the old Allom Reserve about 18 or 20 acres in extent. There were applications for the assignment of that land for a new factory. But the adjoining licensees objected. The supply of pit brine is growing short in Tamarakulam. The old Allom Reserve is known to have underneath a plentiful supply of brine of very good density. It is therefore proposed to reserve this area for meeting any future emergency in the matter of brine supply.

Then Mr. Padmanabhan Tampi referred to a small area in Puthalam. That is available for new pans. But at Puthalam there are already a large number of licensees and Government would prefer

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. O. Madhavan.]

to give the available area to them. There are applications pending before me now for permission to convert the available area into new pans. If the old licensees do not want the land the prayer of the other applicant will be considered.

MR. M. N. PARAMESVARAN PILLAI: Have any arrangement been made for the transport of salt through sea?

MR. C. O. MADHAVAN: Salt is transported through sea. No arrangement is made for transport this year.

Mr. M. N. Paramesvaran Pillai and Mr. K. P. Nilakanta Pillai referred mainly to the Abkari branch. Of course the policy of the department is, as has been announced in the Legislative Council on more than one occasion before, to reduce the drink evil. The Government are reducing the number of toddy and arrack shops by about five per cent. at the time of each contract.

MR. M. N. PARAMESVARAN PILLAI: Is it a fact that the number of sub-shops have increased?

MR. C. O. MADHAVAN: I am not aware of it.

MR. M. N. PARAMESVARAN PILLAI: Is sale of illicit toddy and arrack on the increase?

MR. C. O. MADHAVAN: Whenever such things are brought to notice, action is promptly taken.

MR. M. N. PARAMESVARAN PILLAI: Has the number of shops been reduced to any extent?

MR. C. O. MADHAVAN: In the year 1108, 38 toddy shops and 38 arrack shops were abolished. Then the duty on arrack is increased. The reduction in the number of shops and the enhancement of duty are the two lines on which Government are trying to combat the drink evil. They make arrack and toddy more costly and make it more difficult for peoples to get them.

Mr. K. P. Nilakanta Pillai referred to a passage in the Administration Report and said that the number of arrack shops in 1107 was more than the number in 1106. I may inform the House that it was due to a large number of shops remaining closed in 1106 on account of the prohibition agitation, and some of the shops, which were not working in 1106, being opened in 1107. That has nothing to do with any increase in the number of shops or the opening of new shops. The Departmental Administration Report at page 8 has explained the position and says as follows:

> "The total number of toddy shops, jaggery arrack shops and toddy arrack shops working during the year was 1646, the increase being due to the fact that some shops which were not working in 1106 were working during the year under report."

I may also bring to the notice of the House that the quantity of arrack consumed is falling year by year. In the year 1107 there was

LIBRARY ARCHIVES Kerala Legislative Assembly

a fall of 19,371·39 proof gallons compared with the year 1106. Similarly also the number of trees licensed for tapping also fell in 1107.

MR. M. N. PARAMESVARAN PILLAI: Will it not show that the Government liquor has been replaced by illicit liquor?

MR. C. O. MADHAVAN: That is the difficulty. If the quantity consumed falls it is open to the inference that illicit liquor is taking its place. But if it goes high the inference is that the drink habit is spreading. That is a difficult situation.

MR. M. N. PARAMESVARAN PILLAI: Is it a fact that properties of several shop-holders were sold for realisation of the rentals? Do you propose any remission in that case?

MR. C. O. MADHAVAN: Remission was granted in the year 1106 and 1107, For 1108 no remission was granted. There was a great fall in rentals for the years 1108 and 1109. The shops were disposed at a time when the economic depression was in full swing. So Government did not consider it necessary to grant any remission.

MR. S. PIRAVIPERUMAL PILLAI: May I know from the Commissioner the reason for the increase in the number of offences relating to smuggling?

MR. C. O. MADHAVAN: Increase in the number of offences may be due to several causes. For instance the number of cases of smuggling of tobacco in 1107 and 1108 was much larger than in all the previous years. On account of economic depression, probably, people resort more and more to such practices. From the year 1097 the quantity of smuggled tobacco seized was2,000 to 3,000 pounds per annum. But in 1107 it went above 11,000 pounds. In 1108 the big seizures alone amounted to over 12,000 pounds and we have not yet got statements in full for the whole year.

MR. KOCHIKAL P. BALAKRISHNAN TAMPI: I beg leave to withdraw the motion.

The motion was, by leave, withdrawn.

PRESIDENT: I put it that the demand under item No. III-Excise Department for Rs. 6,27,401 is passed.

The grant was made.

## DEMAND IV—INDUSTRIES.

MR. K. GEORGE: Sir, I move for a grant of Rs. 15,96,444 under Demand No. IV—Industries.

MR. N. K. PADMANABHA PILLAI: ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറിൽ ഒട്ടുവളരെ വിദഗ്ധന്മാർ ഉണ്ട് എന്ന് ഒരു പരാതി ജനങ്ങളുടെഇടയിൽ ഉണ്ട്. എന്നാൽ വിദഗ്ധന്മാർ കൂടുതൽ ഉള്ള ഇകൊണ്ടു തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം. അവർക്ക ശമ്പളം വളരെ കൂടുതൽ കൊടുത്തിരിക്കുന്നു. അവരുടെ ശമ്പളം കുറെ

LIBRARY ARCHIVES Kerala Legislative Assembly